(എ) കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ 2004 ഡിസംബറിൽ തിരുവനന്തപുരം ജില്ലാ ഓഫീസിൽ നടന്ന മെമ്പർഷിപ്പ് രജിസ്ട്രേഷനെക്കുറിച്ച് വ്യാപകമായ പരാതികൾ ഉയർന്നിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അംഗത്വം രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളികൾക്ക് ഫീസടച്ചതിന് ഇതുവരെയായി തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും രസീത് നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഡിസംബർ 31-നു മുൻപ് ഫീസടച്ച് രജിസ്റ്റർ ചെയ്ത നൂറുകണക്കിന് തൊഴിലാളികൾക്ക് മൂന്നുമാസമായിട്ടും അംഗത്വകാർഡ് നൽകിയിട്ടില്ലെന്നറിയാമോ;

(ഡി) ഈ ജില്ലയിൽ ഫീസ് വാങ്ങിയവരിൽ പലർക്കും അംഗത്വം നിഷേധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ പരാതികൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടില്ല.

(ബി) ബോർഡിൽ രജിസ്റ്റർ ചെയ്ത അംഗ തൊഴിലാളികൾക്ക് കമ്പ്യൂട്ടർ ഓപ്പറേറ്റർമാരുടെ അഭാവത്തിൽ കമ്പ്യൂട്ടർ രസീതുകൾ യഥാസമയം കൊടുക്കുവാൻ കാലതാമസം വന്നിട്ടുണ്ട്. രജിസ്ട്രേഷൻ വിവരങ്ങൾ കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്ന മുറയ്ക്ക് രസീത് കൊടുത്തുവരുന്നുണ്ട്.

(സി) ഡിസംബർ 31-നു മുൻപ് രജിസ്റ്റർ ചെയ്ത അംഗ തൊഴിലാളികളിൽ ഭൂരിപക്ഷം ആളുകളും അംഗത്വകാർഡ് വാങ്ങിക്കഴിഞ്ഞിട്ടുണ്ട്. ബാക്കിയുള്ളവർ നേരിട്ടും യൂണിയൻ ഭാരവാഹികൾ മുഖേനയും കൈപ്പറ്റുന്നുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പുട്ടിക്കിടക്കുന്ന തോട്ടം തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി, പി. എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

67 [3493] *ശ്രീ. കെ. പി. രാജേന്ദ്രൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാല് വർഷത്തിനിടയിൽ എത്ര തോട്ടങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഈ പൂട്ടിയിട്ട തോട്ടങ്ങളിൽ തേയില തോട്ടങ്ങൾ എത്ര; ഇവ ഓരോന്നിലും എത്ര വീതം തൊഴിലാളികൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അടച്ചുപൂട്ടിയ എത്ര തോട്ടങ്ങൾ പിന്നീട് തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്; ഇത് ഏതൊക്കെ തോട്ടങ്ങളാണ് എന്നു വ്യക്തമാക്കുമോ;

(സി) അടച്ചുപൂട്ടിയ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ;

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഇതുവരെയായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ;

(ഇ) ഗ്രാറ്റുവിറ്റി, പി. എഫ്. തുടങ്ങിയ ആനുകൂല്യങ്ങൾ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു ലഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ നാലു വർഷത്തിനിടയിൽ 43 തോട്ടങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ട്. ഇവയിൽ 25 എണ്ണം തേയില തോട്ടങ്ങളാണ്. തൊഴിലാളികളുടെ വിവരങ്ങളടങ്ങുന്ന ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. †

(ബി) അടച്ചുപൂട്ടിയ 19 തോട്ടങ്ങൾ പിന്നീട് തുറന്നു പ്രവർത്തിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.†

(സി) 2002 ആഗസ്റ്റ് മുതൽ പ്രവർത്തന രഹിതമായ തോട്ടങ്ങളിലെ ഓരോ തൊഴിലാളി കുടുംബത്തിനും ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യമായി വിതരണം ചെയ്തിരുന്നു. പിന്നീട് അത് ഓരോ തൊഴിലാളിക്കും ആഴ്ചയിൽ 5 കിലോ അരി വീതം എന്നാക്കിയിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കെല്ലാം ഓണക്കാലത്ത് എക്സ്ഗ്രേഷ്യയായി 500 രൂപ വീതം വിതരണം ചെയ്തു. ഇടുക്കി ജില്ലയിലെ പ്രവർത്തന രഹിതമായിട്ടുള്ള തോട്ടം മേഖലകളിൽ മൂന്ന് ആശുപത്രികൾ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റിയുടെ ചെലവിൽ പ്രവർത്തിച്ചുവരുന്നു. ആവശ്യമായ മരുന്നുകളും മറ്റും ഈ ഫണ്ടിൽനിന്നും നൽകി വരുന്നു. ഇപ്രകാരം ഗ്രാംപി, വുഡ്ലാൻഡ്, ബോണമി എന്നീ ഡിസ്പെൻസറികളും ഒരു മൊബൈൽ യൂണിറ്റും പ്രവർത്തിച്ചുവരുന്നു. മൊബൈൽ യൂണിറ്റ് ഓരോ എസ്റ്റേറ്റിലും എത്തി രോഗ നിർണ്ണയം നടത്തി മരുന്നുകൾ നൽകി വരുന്നു. തൊഴിലാളികളുടെ മക്കൾക്ക് ആവശ്യമായ സ്കൂൾ യൂണിഫോം, പുസ്തകം, ബുക്കുകൾ, ബാഗ് എന്നിവ നൽകി വരുന്നു.

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിനായി എന്റെ നേതൃത്വത്തിൽ ലേബർ കമ്മീഷണറും അഡീഷണൽ ലേബർ കമ്മീഷണറും അടങ്ങുന്ന ഒരു ടീം തോട്ടം ഉടമകളുമായും ട്രേഡ് യൂണിയൻ പ്രതിനിധികളുമായും ഒന്നിച്ചും വെവ്വേറെയും ചർച്ചകൾ നടത്തിവരുന്നു. സാമ്പത്തിക പ്രതിസന്ധിമൂലം

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അടഞ്ഞുകിടക്കുന്ന തോട്ടങ്ങളുടെ ഉടമകളെ 2003-2004, 2004-2005 വർഷങ്ങളിൽ പ്ലാന്റേഷൻ ടാക്സിൽ നിന്നും അഗ്രികൾച്ചറൽ ഇൻകം ടാക്സിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ തയ്യാറാവുന്ന തോട്ടമുടമകൾക്ക് കറന്റ് ചാർജ്ജ് തവണകളായി അടയ്ക്കുവാനുള്ള അവസരം സർക്കാർ നൽകിയിട്ടുണ്ട്. കൂടാതെ തൊഴിലാളികൾക്കും വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഗ്രാറ്റുവിറ്റി സംബന്ധിച്ച കൺട്രോളിംഗ് അതോറിറ്റിയായ ജില്ലാ ലേബർ ഓഫീസർക്ക് ലഭിച്ചിട്ടുള്ള അപേക്ഷകളിൻമേൽ നടപടികൾ സ്വീകരിച്ചുവരുന്നു. പി. എഫ്. ലഭിക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രൊവിഡന്റ് ഫണ്ട് കമ്മീഷണറാണ് സ്വീകരിക്കുന്നത്.

തൊഴിൽ നഷ്ടപ്പെട്ടവരുടെ പുനരധിവാസം

68 [3494] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസത്തിനുശേഷം സംസ്ഥാനത്താകെ എത്ര തൊഴിൽ തർക്കങ്ങളുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര സ്വകാര്യ സ്ഥാപനങ്ങളിലും എത്ര പൊതുമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ തർക്കമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം തൊഴിൽ തർക്കങ്ങളെ തുടർന്ന് എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളിൽ എത്ര പേർക്ക് പുനരധിവാസം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ബാക്കിവരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 11716 തൊഴിൽ തർക്കങ്ങൾ.

(ബി) സ്വകാര്യ സ്ഥാപനങ്ങൾ – 10425.
പൊതുമേഖലാ സ്ഥാപനങ്ങൾ – 76.

(സി) 5708 തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി.

(ഡി) & (ഇ) തൊഴിൽ തർക്കംമൂലം തൊഴിൽ നഷ്ടപ്പെടുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ഇപ്പോൾ സംവിധാനങ്ങൾ നിലവിലില്ല. 1947-ലെ തൊഴിൽ തർക്കനിയമം 12 (4) അനുസരിച്ച് ഇത്തരം

LIBRARY ARCHIVES Kerala Legislative Assembly